പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3828 — 17/10/2011-ൽ മറുപടിക്ക്

## ആദിവാസി വിഭാഗങ്ങൾക്ക് വീട്

ചോദ്യം
ശ്രീ.കെ. വി. വിജയദാസ് :
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.ആർ.സെൽവരാജ്
ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി
കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ആദിവാസി വിഭാഗങ്ങളിൽ വീട് ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വെച്ച് കൊടുക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കു വാസയോഗ്യമായ വീട് വച്ച് നൽകുന്നത് വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്/പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട്, അടിയ-പണിയ, പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്, ആദിവാസി പുനരധിവാസ മിഷൻ, പ്രത്യേക കേന്ദ്രസഹായ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു നൽകുന്നു. 2011-12 സാമ്പത്തിക വർഷം 1200 പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ ഉപയോഗിച്ചു വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള റ്റി.എസ്.പി.യുടെ 50% ഫണ്ട് പ്രയോജനപ്പെടുത്തിയും ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ചു നൽകുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനു |

| | | | |
|---|---|---|---|
| | | | അനുവദിച്ച 148 കോടി രൂപ പ്രയോജനപ്പെടുത്തി പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ വീട് ഉൾപ്പെടെയുള്ള സമഗ്ര വികസനമാണ് ലക്ഷ്യമാക്കുന്നത്. മാതൃക കോളനികൾ ആക്കുന്നതിനു തിരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ സമ്പൂർണ്ണ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള സമഗ്ര വികസനമാണ് സർക്കാരിന്റെ ലക്ഷ്യം. വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി എല്ലാ ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | സംസ്ഥാനത്ത് വീടും ഭൂമിയും ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; ഭൂമി ഉണ്ടെങ്കിലും വീട് ഇല്ലാത്തവരെത്ര; | (ബി) | ലഭ്യമായിട്ടുള്ള കണക്കു പ്രകാരം 30801 പേർക്കു സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവരാണ്. ഇതിൽ 17,544 പേർക്കു ഭൂമി ഉണ്ടെങ്കിലും വീടില്ലാത്തവരാണ്. |
| (സി) | നിർമ്മാണച്ചെലവിലെ വർദ്ധനയ്ക്കനു-സരിച്ച് വീട് നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>നിലവിൽ ഉണ്ടായിരുന്ന ഭവന നിർമ്മാണ ധനസഹായമായ 1,25,000/- രൂപ 15.9.2011-ലെ സർക്കാർ ഉത്തരവ് (കൈ) 93/2011/പജപവവിവ പ്രകാരം 2,50,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇതനുസരിച്ച് ഇതിലേയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധന വരുത്തി-യിട്ടുണ്ടോ? | (ഡി) | ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ